യാണ്. ദക്ഷിണാഫ്രിക്കയ്ക്കെതിരായുള്ള ശക്തമായ നീക്കത്തെ ചെറുക്കാൻ വേണ്ടി സംഘടിപ്പിച്ച ആഫ്രിക്കൻ ദേശീയ മുന്നണിയുടെ നേതാവാണ് അദ്ദേഹം. അവരുടെ ചർച്ചായോഗത്തിൽ സംബന്ധിച്ച ശേഷം തിരിച്ചുവരുമ്പോഴുണ്ടായ വിമാനാപകടത്തിൽ പ്രസിഡൻറിനും സഹപ്രവർത്തകർക്കും മുണ്ടായ ദാരുണമായ മരണത്തിൽ ഈ സഭയ്ക്കുള്ള അഗാധമായ ദുഃഖവും വികാരവും രേഖപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ : പരേതരോടുള്ള ബഹുമാന സൂചകമായി നമുക്ക് അൽപ്പനേരം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ബഹുമാനസൂചകമായി സഭ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

## III അടിയന്തിരപ്രമേയം

### പൊൻകുന്നം കൊക്കോ പ്രോസസിംഗ് ഫാക്ടറിയിൽ സമരം നടത്തിയ തൊഴിലാളികൾക്ക് നേരെയുണ്ടായ പോലീസ് വെടിവയ്പ്പ്

ഡെപ്യൂട്ടി സ്പീക്കർ : പൊൻകുന്നത്തുള്ള കൊക്കോ സംസ്ക്കരണ ഫാക്ടറിയിലെ തൊഴിലാളികൾ നടത്തി വന്നിരുന്ന സമരത്തിൽ പങ്കെടുത്ത തൊഴിലാളികൾക്കു നേരെ രണ്ട് പോലീസ് ഹെഡ് കോൺസ്റ്റബിൾമാരുടെ നേതൃത്വത്തിൽ അവിടെ ഉണ്ടായിരുന്ന പോലീസ് വെടിവച്ചതിനെത്തുടർന്ന് അവിടെ ഉളവായിരിക്കുന്നു എന്ന് പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കാനം രാജേന്ദ്രൻ, ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി, ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. എ.വി. താമരാക്ഷൻ, ശ്രീ. പി.സി. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : സർ, 1982 മുതൽ കാഞ്ഞിരപ്പള്ളിയിൽ ഒരു കൊക്കോ പ്രൊക്യൂവർമെൻറ് സെൻറർ പ്രവർത്തിച്ചുവരുന്നു. സഹകരണമേഖലയിലാണ് ഇത് പ്രവർത്തിച്ചുവരുന്നത്. തുടക്കത്തിൽ തന്നെ 100 തൊഴിലാളികളുണ്ടായിരുന്നു. ജോലിയുടെ ലഭ്യതയനുസരിച്ചാണ് അവരെ ജോലിക്ക് നിയമിക്കുന്നത്. ഇടയ്ക്കുവച്ച് ആളുകളെ കുറവ് ചെയ്യേണ്ടി വന്നു. അതിനെത്തുടർന്ന് അവർ സത്യാഗ്രഹം നടത്തുകയായിരുന്നു. സാധാരണഗതിയിൽ പിക്കറ്റിംഗ് നടത്തും, അവരെ നിമൂവ് ചെയ്യും. അങ്ങനെ ഏതാനും ദിവസങ്ങളായി സത്യാഗ്രഹം നടന്നുവരികയായിരുന്നു. ഇന്നലെയാണ് പെട്ടെന്ന് അക്രമാസക്തമായനില ഉണ്ടായത്. നിർഭാഗ്യവശാൽ അവിടെയുള്ള സീനിയർ ഓഫീസേഴ്സ് കോടതിയിൽ കേസിനുവേണ്ടി പോയ ദിവസമാണ്. ആ അവസരത്തിൽ അവിടത്തെ തൊഴിലാളികളും പുറമെനിന്നുള്ള പത്തുമുന്നൂറോളംപേരും വന്ന് ബലമായി അവിടെയുണ്ടായിരുന്ന പോലീസ് പിക്കറ്റിനെ തള്ളിമാറ്റി ഫാക്ടറിക്കകത്തു കയറി. അവിടെയുണ്ടായിരുന്ന ടെൻറ് മുതലായവ തീവെച്ച് നശിപ്പിക്കുകയും കല്ലേറ് നടത്തുകയും ചെയ്തു. കല്ലേറിൻെറ ഫലമായി പോലീസുകാർക്ക് പരിക്കേറ്റു. ഔദ്യോഗികമായി റിപ്പോർട്ട് കിട്ടിയ കാര്യങ്ങൾ സഭയുടെ മുൻപാകെ അറിയിക്കുകയാണ്. അവിടെ 15 പോലീസുകാരുണ്ടായിരുന്നതിൽ 13 പേർക്കും പരിക്കേറ്റതിൽ



LIBRARY ARCHIVES Kerala Legislative Assembly

നിന്നും സംഗതി മനസിലാക്കാവുന്നതാണ്. ഏതായാലും പരിക്കേറ്റ പോലീസുകാർക്ക് സ്ഥിതിഗതി നിയന്ത്രിക്കാൻ സാധിക്കാതെ വന്നപ്പോഴാ അവർ മേൽപ്പോട്ട് വെടിവയ്ക്കാൻ നിർബന്ധിതരായി. ആ വെടിവയ്പ്പിൽ ഒരാൾക്ക് ചെറിയ പരിക്കേറ്റു.....(ബഹളം).....

സർ, ബഹുമാനപ്പെട്ട മെമ്പർ തന്നെ ആദ്യം പറഞ്ഞത് മേൽപ്പോട്ട് വെടിവച്ചു എന്നാണ്. അതിനുശേഷം അവിടെയുണ്ടായിരുന്ന ഒരാളെ പോലീസുകാരൻ വെടിവച്ചുവെന്ന് പിന്നീട് റിപ്പോർട്ട് കിട്ടി. ഈ പണിമുടക്കിൽപ്പെട്ട തൊഴിലാളികൾക്കും അതുപോലെ തന്നെ പോലീസുകാർക്കും പരിക്കേറ്റു. തൊഴിലാളികളെ ഹോസ്പിറ്റലിലേക്കു മാറ്റി. പോലീസുകാരുടെ വെടികൊണ്ട് പരിക്കേറ്റു എന്നു പറയുന്ന ആളെ കാഞ്ഞിരപ്പള്ളി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. സർ, ഈ തൊഴിലാളി സമരം സമാധാനപരമായി നടന്നുവന്നതാണ്. പോലീസ് ഇടപെടുകയോ മറ്റു ബുദ്ധിമുട്ടുകളോ ഇതുവരെ ഉണ്ടായിരുന്നില്ല. പക്ഷെ ഇടനിലയിലുള്ള അക്രമാസക്തമായ നില വരുമ്പോഴ പോലീസ് ഇടപെടുന്നതിനുള്ള സ്ഥിതിവിശേഷമുണ്ടായിട്ടുള്ളതാണ്. ഏതായാലും ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള കരുതൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോഴ അവിടെ യാതൊരു വിധത്തിലുള്ള അടിയന്തിരമായ സാഹചര്യവുമില്ല. സ്ഥിതി വളരെ ശാന്തമാണ്.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ സത്യവിരുദ്ധമാണെന്ന് പറയേണ്ടിവന്നതിൽ എനിക്ക് അഗാധമായ ഖേദമുണ്ട്. ഞാൻ എന്റെ കണ്ണുകളെ വിശ്വസിക്കുന്നു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടിനെ വിശ്വസിക്കുന്നു. അതാണ് വ്യത്യാസം. പൊൻകുന്നം കൊക്കോ സംസ്ക്കരണ കേന്ദ്രത്തിൽ ഇന്നലെ രാവിലെ ഉണ്ടായ വെടിവയ്പിലും, ലാത്തിച്ചാർജ്ജിലും നൂറോളം ആളുകൾക്ക് പരിക്കു പറ്റിയിട്ടുണ്ട്. ഗുരുതരമായി പരിക്കേറ്റ 14 ആളുകളെ കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. സർ, വി. ജെ. ആൻറണി, ദാമോദരൻ, എം. ആർ. രവീന്ദ്രൻ, കെ. കെ. ബാബു, എം. പി. ജോസ്, കെ. റ്റി. തോമസ്, വി. സി. ദാനിയേൽ, പെണ്ണമ്മ, ജോസ്, വൈദേഹി, ഏലിക്കുട്ടി, പെണ്ണമ്മ, ഉണ്ണി തുടങ്ങിയ ആളുകളാണ് അവർ. വെടിവയ്പിൽ ഗുരുതരമായി പരിക്കേറ്റ വി. ജെ. ആൻറണിയെ ഇന്നു രാവിലെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കു മാറ്റിയതായി അറിയാൻ കഴിഞ്ഞു. മണ്ണംപ്ലാക്കൽ ദാമോദരന്റെ നില ഗുരുതരമാണ്. അദ്ദേഹത്തിന്റെ തലയ്ക്കാണ് വെടിയേറ്റിട്ടുള്ളത്. പൊൻകുന്നം കൊക്കോ സംഭരണ കേന്ദ്രത്തെക്കുറിച്ച് അദ്ദേഹം ഇവിടെ പ്രസ്താവിച്ചത് ശരിയല്ല. എ. ഐ. ടി. യു. സി. യിലും കെ. ടി. യു. സി. യിലുംപെട്ട തൊഴിലാളികൾ കഴിഞ്ഞ കുറെ നാളുകളായി നടത്തിവന്നിരുന്ന സമരത്തെ തുടർന്ന് കോട്ടയം ഡിസ്ട്രിക്ട് ലേബർ ഓഫീസർ ഉണ്ടാക്കിയ ഒരു എഗ്രിമെൻറ്, മാനേജ്മെൻറ് ഏകപക്ഷീയമായി വയലേറ്റ് ചെയ്തതിനെത്തുടർന്നാണ് തൊഴിലാളികൾ തൊഴിൽ കിട്ടുന്നതിനുവേണ്ടി സമരം നടത്തുന്നത്. 12 ലേബർ കോൺഫറൻസുകൾ വിളിച്ചുകൂട്ടി. അവസാനത്തെ 4 ലേബർ കോൺഫറൻസിലും മാനേജുമെൻറിന്റെ ഭാഗത്തുനിന്നും ആരും വന്നില്ല. ഈ സാഹചര്യത്തിലാണ് 15-ാം തീയതി സമര സഹായസമിതിയുടെ നേതൃത്വത്തിൽ ഈ ഫാക്ടറി പടിക്കൽ പിക്കറ്റിംഗ് ആരംഭിച്ചത്. 15-ാം തീയതി മുതൽ ഇന്നലെ അഞ്ചാമത്തെ ദിവസമായിരുന്നു. ഈ അഞ്ചാമത്തെ ദിവസം രാവിലെ 9.30-ന് സമരസഹായസമിതിയുടെ ഓഫീസിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

മുന്നൂറോളം തൊഴിലാളികളും ജാഥയായി പിക്കറ്റിംഗ് സ്ഥലത്തേക്കു പോയി. ഈ സമയത്ത് മുപ്പതോളം പോലീസുകാർ അവിടെയുണ്ടായിരുന്നു. 5 വനിതാ പോലീസുകാരടക്കം മുപ്പതു പോലീസുകാർ രണ്ടു ഹെഡ്കോൺസ്റ്റബിൾമാരുടെ, വിശ്വനാഥൻ നായരുടെയും എബ്രഹാമിന്റെയും നേതൃത്വത്തിൽ സംഭവസ്ഥലത്തുണ്ടായിരുന്നു. 9.30-ന് ആരംഭിച്ച ജാഥ 9.40-ന് ഫാക്ടറി പടിക്കൽ എത്തിയപ്പോൾ പോലീസുകാർ ഈ തൊഴിലാളികളെ തടയുകയും അവരെ തല്ലി ഓടിക്കുകയും ചെയ്തു. ആ സമയത്ത് അടച്ചിട്ടിരുന്ന ഫാക്ടറി ഗേറ്റിനുള്ളിൽനിന്ന് മാനേജുമെന്റ് നേരത്തെ കരുതിയിരുന്ന ഗുണ്ടകളും പോലീസിനു എതിരെയും ഈ സമരത്തിൽ പങ്കെടുത്ത തൊഴിലാളികൾക്ക് എതിരെയും കല്ലേറ് നടത്തി. കല്ലേറ് നടത്തിയതിനെത്തുടർന്ന് കൃത്യം 9.45-ന് വെടിവയ്പ് നടന്നു. സർ, 9.40-ന് ഫാക്ടറിപ്പടിക്കലെത്തിയ തൊഴിലാളികളും 9.45-ന് വെടിവയ്പ്പ് നടക്കണമെങ്കിൽ, 300 തൊഴിലാളികളെ നേരിടാൻ മുപ്പതു പോലീസുകാർ ഉള്ള സാഹചര്യത്തിൽ ആസൂത്രിതമായ ഒരു ഗൂഡാലോചനയാണ് ഇത് എന്നു പറയുന്നതിൽ എന്താണ് തെറ്റ്. തലേ ദിവസം ഈ ഹെഡ്കോൺസ്റ്റബിൾമാർ ഫാക്ടറി മാനേജരുടെ അതിഥികളായി ചില സൽക്കാരങ്ങളിൽ പങ്കെടുത്തുവെന്ന് ഞാൻ ഇന്നലെ ചെന്നു അന്വേഷിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. വെടിവയ്പിൽ പരിക്കേറ്റു എന്ന് മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ച ആൻറണിയെന്നു പറയുന്ന പാർട്ടി പ്രവർത്തകൻ വളരെ പ്രായമുള്ള ആളാണ്. ആ ആൻറണിയെ ഹോസ്പിറ്റലിൽ എത്തിക്കുന്നതിനുപോലും പോലീസുകാർ സമ്മതിച്ചില്ല. കഠിനമായ ബ്ലീഡിംഗ് ഉണ്ടായപ്പോൾ നാട്ടുകാർ ഓടിക്കൂടി. അവരെല്ലാംകൂടി അയാളെ ഹോസ്പിറ്റലിൽ എത്തിക്കുന്നതിന് പരിശ്രമം നടത്തിയപ്പോഴും ഈ പോലീസുകാർ തടയുകയുണ്ടായി. ആൻറണിയേയും ദാമോദരനേയും ആശുപത്രിയിൽ എത്തിക്കുന്നതിന് മുൻപോട്ടുപോയ സഹപ്രവർത്തകരെ പോലീസ് തടഞ്ഞുവച്ചു. അങ്ങയുടെതന്നെ വകുപ്പിലുള്ള കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരോട് അന്വേഷിച്ചു നോക്കൂ. ആശുപത്രിയിൽ കയറി അവിടെയുണ്ടായിരുന്ന രോഗികളെ തല്ലുകയും, ഡോക്ടർമാർ ഇറങ്ങിവന്ന് പോലീസുകാർ പുറത്തുപോകണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിനുശേഷം മനസ്സില്ലാമനസ്സോടെ പോലീസുകാർ പുറത്ത് പോകുകയുമാണ് ചെയ്തത്. തല്ലിയവരെ ആശുപത്രിയിൽ എത്തിച്ചപ്പോൾ ആ ആശുപത്രി കാമ്പൗണ്ടിനുള്ളിൽ പോലീസുകാർ കടന്നു കയറി അവിടെ കണ്ണിൽ കണ്ടവരെയെല്ലാം മർദ്ദിച്ചു. സരസമ്മയെന്ന ഗർഭിണിയായ ഒരു സ്ത്രീയെ താഴെയിട്ടു ചവുട്ടി. അവരെ കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

സർ, ഇതുപോലുള്ള സാഹചര്യമുണ്ടായിക്കഴിഞ്ഞശേഷം അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട, ഐ. എൻ. ടി. യു. സി. യിൽപ്പെട്ട ജോസ് എന്നു പറയുന്ന ഒരു തൊഴിലാളി വഴിയെ നടന്നുപോയതാണ്. ആ തൊഴിലാളിയെ പോലീസ് കസ്റ്റഡിയിലെടുത്ത് തോക്കിന്റെ പാത്തികൊണ്ട് മർദ്ദിച്ചു. ആ ജോസിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഞാൻ ഇന്നലെ ജോസിനെ കണ്ടതാണ്. അദ്ദേഹം ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ആളല്ല. ഐ. എൻ. ടി. യു. സി. യിൽപ്പെട്ട ആളാണ്. കണ്ണിൽ കണ്ട ആളുകളെയെല്ലാം തല്ലി. കെ. എൻ. രാജപ്പൻ. എ. ജെ. പത്രോസ്, ടോമി, എന്നിവർ ബസ്സിൽ യാത്ര ചെയ്തിരുന്നവരാണ്. ഇവരെ ബസ്സിൽനിന്നും പിടിച്ചിറക്കി പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ലോക്കപ്പിൽ ഇട്ട് മർദ്ദിച്ചു. ഇന്നലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളിയിൽനിന്നും പൊൻകുന്നത്തേക്ക് പ്രതിഷേധപ്രകടനം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞിരപ്പള്ളിയിലും, പൊൻകുന്നത്തും ഉച്ചയ്ക്കുശേഷം പരിപൂർണ്ണമായ ഹർത്താലായിരുന്നു. ആ പ്രകടനത്തിൽ പങ്കെടുത്ത 9 ആളുകളെ അറസ്റ്റു ചെയ്തു. അറസ്റ്റു ചെയ്ത മിനിറ്റുകൾക്കുള്ളിൽ ഞാൻ അവിടെയെത്തി. 9 ആളുകളെ ഈ പ്രകടനത്തിൽനിന്നും അറസ്റ്റ് ചെയ്ത ലോക്കപ്പിൽ കൊണ്ടുപോയി മർദ്ദിച്ചു. സർ, ഇന്നലെ വൈകുന്നേരം ഞാൻ അവിടെ നിന്നും പോരുമ്പോഴും ആശുപത്രി പടിക്കൽനിന്നും റോഡരുകിൽനിന്നും ആളുകളെ പിടിച്ച് പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോകുകയാണ് ഇന്നു രാവിലെ ഒരു വിവരം കിട്ടി. ഇന്നലെ രാത്രി ഇടതുപക്ഷജനാധിപത്യമുന്നണി പ്രവർത്തകൻമാരുടെ വീടുകളിൽ കയറി അവിടെയുള്ള ആളുകളെ അറസ്റ്റു ചെയ്യുന്നതിനുള്ള ശ്രമം പോലീസ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഭീകരമായ ഒരന്തരീക്ഷമാണ് അവിടെ നിലനിൽക്കുന്നത്. ഇവിടെ വളരെ പ്രസക്തമായ ഒരു ചോദ്യമുണ്ട്. ഒരു ഹെഡ്കോൺസ്റ്റബിളിന് ഒരു മോബിനെ വെടിവച്ചു പിരിച്ചയയ്ക്കാൻ അധികാരമുണ്ടോ? ഒരു ഹെഡ്കോൺസ്റ്റബിളും ഇത്തരമൊരു സാഹചര്യം ചെയ്തപ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കാൻ നിങ്ങൾ തയ്യാറാകുമോ? അവിടെനിന്നും ഒരു കിലോമീറ്റർ മാത്രം അകലെയാണ് പോലീസ്സ്റ്റേഷൻ. ആ പോലീസ് സ്റ്റേഷനിൽ ആവശ്യമായ പോലീസുകാരുണ്ടായിരുന്നു. ആ പോലീസ് സ്റ്റേഷനിൽ അറിയിക്കാനോ അവിടെനിന്നും ആളു വരാനോ കാത്തുനിൽക്കാതെ 5 മിനിറ്റിനുള്ളിൽ 9:40-ന് അവിടെ എത്തിയ പ്രകടനക്കാരെ പിരിച്ചുവിടാൻവേണ്ടി വെടിവച്ച നടപടി എത്ര ക്രൂരമാണെന്നു നിങ്ങൾ ആലോചിക്കണം.

സർ, ഇന്ന് ഹെഡ് കോൺസ്റ്റബിളും വെടിവച്ചു, നാളെ പോലീസുകാരൻ വെടി വയ്ക്കും. ഈ തോക്ക് അങ്ങയുടെ നേർക്കും തിരിയുമെന്നുള്ള കാര്യം മറന്നു പോകരുത്. അത് ആർക്കുമാകാം. പൊതു പ്രവർത്തകരാണ്. സർ, തൊഴിൽ സമരത്തിൽ പോലീസ് ഇടപെടുകയില്ലെന്നത് കാലാകാലങ്ങളിൽ കേരളത്തിൽ അധികാരത്തിൽ ഇരുന്ന എല്ലാ ഗവൺമെൻറുകളുടേയും പ്രഖ്യാപിത നയമായിരുന്നു. ഈ സമരത്തെ, തുടർന്ന് ലേബർ ഓഫീസർ ഉണ്ടാക്കിയ ന്യായമായ എഗ്രിമെൻറ് വയലേറ്റ് ചെയ്ത മാനേജ്മെൻറിനെ കൈയാമം വയ്ക്കാനും, പ്രോസിക്യൂട്ട് ചെയ്യാനും തയ്യാറാകാതെ, നിങ്ങൾ പാവപ്പെട്ട തൊഴിലാളികളെ വെടിവച്ച് വീഴ്ത്തുകയാണ് ചെയ്യുന്നത്. ഈ കാര്യത്തെക്കുറിച്ച് ഒരു പരസ്യമായ അന്വേഷണം വേണം. ഈ അന്വേഷണങ്ങൾകൊണ്ടല്ലാതെ സത്യങ്ങൾ പുറത്തു വരികയില്ല. അദ്ദേഹം കിട്ടിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇവിടെ പ്രസ്താവന നടത്തി. അത് അദ്ദേഹത്തിന്റെ ഔദ്യോഗികമായ ഭാഷ്യമായിരിക്കാം. പക്ഷേ ഞാനും ശ്രീ. എം. കെ. കേശവൻ എം. എൽ. എ. യും ഇന്നലെ അവിടെ പോയി അന്വേഷിച്ചതാണ്, ഈ ആളുകളെ നേരിൽ കണ്ടതാണ്. മുകളിലോട്ട് വെടിവയ്ക്കുമ്പോൾ ആളിന്റെ പുറകിൽ വെടിയേൽക്കുന്നത് എങ്ങനെയാണ്? അതിനെക്കുറിച്ച് അന്വേഷിക്കേണ്ടേ? വളരെ ഭീകരമായ ഒരു അന്തരീക്ഷമാണ് അവിടെ നിലനിൽക്കുന്നത്. ഈ സന്ദർഭത്തിൽ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ഒരിക്കൽകൂടി ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇത് വലിയ ഒരുവ്യവസായ സഹകരണ സ്ഥാപനം ആണ്. അവിടെയുള്ള തൊഴിൽ കുഴപ്പം ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെട്ട് പരിഹരിക്കണമെന്ന നിലപാടാണ് എപ്പോഴും ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. പക്ഷേ, തൊഴിൽ കുഴപ്പത്തിന്റെ പേരിൽ നടക്കുന്ന അക്രമങ്ങൾ കൈയും കെട്ടി കണ്ടിരിക്കാൻ സാദ്ധ്യമല്ല. സമരം അക്രമാസക്തമായതിന്റെ ഫലമായി 13 പോലീസുകാർക്ക് പരിക്കേറ്റു.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചു ഒരു ഹെഡ് കോൺസ്റ്റബിളിന് വെടി വയ്ക്കാൻ അധികാരമുണ്ടോയെന്ന് ? കോൺസ്റ്റബിളിനുപോലും ആത്മരക്ഷാർത്ഥം വെടിവയ്ക്കാനുള്ള അധികാരമുണ്ട്. അങ്ങനെയുള്ള ഒരു സാഹചര്യമുണ്ടാക്കിയ അവസരത്തിൽ വെടി വച്ചു. സർ, ഏതായാലും അതിനെക്കുറിച്ച് ഞാൻ ഇപ്പോഴം ഒരു വ്യക്തമായ—അന്തിമമായ തീരുമാനം പറയുന്നില്ല. ഞാൻ അതിനെക്കുറിച്ച് കൂടുതൽ വിവരങ്ങളം അന്വേഷിപ്പിക്കുന്നുണ്ട്. ഏതായാലും ഇപ്പോഴം അവിടെയുള്ള സ്ഥിതിഗതികളം വളരെ സമാധാനപരമാണ്. സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ഒരു സാഹചര്യവും ഇന്ന് അവിടെയില്ല.

മി. ഡപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ സന്തോഷപ്രകടനം നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗുരുതരാവസ്ഥ അവിടെയില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഞാൻ അടിയന്തിര പ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : തൊഴിലാളികളാണ് അക്രമം ചെയ്തത് എന്നുള്ള ഒരു തീരുമാനത്തിൽ മുഖ്യമന്ത്രി തന്നെ എത്തി കഴിഞ്ഞു, എന്നിട്ട് അവസാനം അന്വേഷണം നടത്തുമെന്ന് പറയുകയാണ്. തൊഴിലാളികളം ഉന്നയിച്ച ന്യായമായ ആവശ്യം പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കണം, കരാറു പാലിക്കണം എന്നാണ്, ഇത്തരം ന്യായമായ ആവശ്യം വച്ച് സമരം ചെയ്യുന്ന തൊഴിലാളികൾക്ക് എതിരായി വെടിവയ്ക്കാൻ ഒരു കോൺസ്റ്റബിളിന് അധികാരമുണ്ടെന്നോണ് മുഖ്യമന്ത്രി പറയുന്നത്. മുഖ്യമന്ത്രി വെടിവച്ചത് ന്യായീകരിക്കാൻ ശ്രമിക്കുന്നു. 307-ാം വകുപ്പു പ്രകാരം കസ് വാദിക്കാം. ഞാൻ ചോദിക്കുന്നു കാസർകോട് ഒരു യുവാവിനെ വെടിവച്ച് കൊന്നില്ലേ ? നിങ്ങം കൊല്ലത്ത് പരമേശ്വരനെ ലോക്കപ്പിലിട്ട് കൊന്നില്ലേ ? എന്നിട്ട് നിങ്ങം അന്വേഷിച്ചോ ? നിങ്ങം പരസ്യമായി പറഞ്ഞോ ? ഇവിടെയാണെങ്കിൽ ദാമോദരനേയും ആൻറണിയേയുമാണ് വെടിവച്ചത്. ദാമോദരന്റെ തലയ്ക്കും, ആൻറണിയുടെ തുടയ്ക്കുമാണ് വെടിയേറ്റത്. "ആകാശത്തിൽ വെടി വയ്ക്കുമ്പോം" പിന്നിൽ കൊള്ളുന്ന തന്ത്രം നിങ്ങളുടെ ഭരണത്തിലേ നടക്കൂ. അത് ഇവിടെ നടക്കില്ല. മുകളിലേക്ക് വെടിവെച്ചാൽ പുറകിൽ കൊള്ളുന്നത് എങ്ങനെയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ ചോദിക്കുകയാണ് തൊഴിലാളി അക്രമം കാണിച്ചാൽ അവരെ അറസ്റ്റ് ചെയ്താൽ പോരേ. ഇത്രയും കൊള്ളരുതാത്ത പോലീസുകാരെ ഉണ്ടാക്കിയിരിക്കുകയല്ലേ ചെയ്തിരിക്കുന്നത്. വെടി വയ്ക്കണമോ ? അതുപോലെ തന്നെ തൊഴിലാളികളെ ലോക്കപ്പിലിട്ട് കശാപ്പു ചെയ്യണമോ? കൊല്ലത്ത് നിങ്ങം പരമേശ്വരനെ കോടതി വിധിച്ചതിനെതിരായിട്ടല്ലേ കൊലചെയ്തത് ?. കൂടാതെ കാസർകോട് നിങ്ങം വെടി വച്ചില്ലേ ? ഇവിടെയും സാധാരണ സമരം ചെയ്യുമ്പോം നൂറോളം തൊഴിലാളികളെ അപ്രകാരം വെടിവെച്ചില്ലേ ? ഓടുന്ന തൊഴിലാളിയെയാണ് ഇവിടെ വെടിവയ്ക്കുന്നത്. ഞാൻ ചോദിക്കുകയാണ് എന്നിട്ട് നിങ്ങം പോലീസിനെതിരായി വല്ല നടപടിയുമെടുത്തോ ? നിങ്ങം ഇപ്പോഴം മുഖ്യമന്ത്രിയാണെങ്കിലും ഐ. എൻ. ടി. യു. സി. പ്രവർത്തകനായിരുന്നില്ലേ ? ആ ഐ. എൻ. ടി. യു. സി. യുടെ പാരമ്പര്യമെങ്കിലും നിങ്ങം പാലിച്ചോ ? അവിടെയും നിങ്ങം വഞ്ചനയല്ലേ കാണിക്കുന്നത് ? തൊഴിലാളിയെ അടിച്ച് പരിക്കേൽപ്പിച്ചിട്ട്, വെടിവച്ചിട്ട് ന്യായമായി പരിഹരിക്കേണ്ട ഈ പ്രശ്നം പരിഹരിക്കാൻ കൂട്ടാക്കാതെ ഹെഡ് കോൺസ്റ്റബിളം വെടിവച്ചത് ന്യായീകരിക്കാൻ ഹീനമായ ശ്രമമാണ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നത്. ഇക്കാര്യത്തെക്കുറിച്ച് അനേഷിച്ച് കുറ്റവാളികളെ ശിക്ഷിക്കത്തക്ക വിധത്തിലുള്ള നടപടികളും നിങ്ങളും ഇനിയും കൈകൊള്ളുന്നില്ല ; ഇതിനു മുൻപും വെടി വയ്പ് നടത്തിയിട്ടുണ്ട്. ലോക്കപ്പ് മർദ്ദനത്തെ നിങ്ങൾ ന്യായീകരിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഈ കാര്യത്തെപ്പറ്റി ഒരു ദിവസം മുഴുവനും ചർച്ച ചെയ്യണമെന്ന്. അങ്ങനെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്. (ശ്രീ. ഇ. കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭവിട്ട് ഇറങ്ങിപോയി.)

ശ്രീ. കെ. പി. പ്രഭാകരൻ : നമ്മുടെ മുഖ്യമന്ത്രി തന്നെ വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ഏതു പോലീസുകാരനും വെടിവയ്ക്കാമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഇന്നലെ വരെയും ഒരു മുഖ്യമന്ത്രിയും ഈ സഭയിൽ പറയാൻ ധൈര്യപ്പെടാത്ത ഒരു കാര്യമാണിത്. ശ്രീ. കെ. കരുണാകരന്റെ ഭരണത്തിൽ, അതിന്റെ അവസാന സമ്മേളനം ഒരു വെടിവയ്പോടുകൂടി ഉത്ഘാടനം ചെയ്യേണ്ടിവന്നു എന്നുള്ളത് വളരെ അർത്ഥഗർഭമാണ്. തൊഴിൽ തർക്കത്തിന്റെ പേരിൽ പോലീസ് ഇടപെടുകയില്ല എന്നുള്ളതിന്റെ പരസ്യമായ ലംഘനമാണ് ഇത്. നാലഞ്ചു ദിവസമായിട്ട് ഇവിടെ സത്യാഗ്രഹം നടക്കുകയാണ്. പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കുന്നതിനു പകരം വേറെ തൊഴിലാളികളെ വച്ച് ജോലി ആരംഭിച്ചപ്പോഴാണ് പിക്കറ്റിംഗ് നടന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ പോലീസ് അനാവശ്യമായി ഇടപെട്ടു. അല്ലാതെ ഇത് പെട്ടെന്നുണ്ടായ സംഭവമല്ല. അഞ്ചു ദിവസമായി ഇവിടെ സമരം നടക്കുന്നു എന്നുള്ള കാര്യം മുഖ്യമന്ത്രി തന്നെ സമ്മതിക്കുന്നു. സമചിത്തതയോടുകൂടി ഈ പ്രശ്നം പരിഹരിക്കുന്നതിനുപകരം പോലീസിനെകൊണ്ടു വെടിവച്ച് അമർത്താം എന്ന ചിന്താഗതിയാണ് അദ്ദേഹത്തിനുള്ളത്. ആകാശത്തേക്ക് വെടിവച്ചാൽ ചന്തിയിലാണ് ഏൽക്കുന്നത് ! കൂടാതെ ഇവിടെ മുഖ്യമന്ത്രി തന്നെ പറയുന്നുണ്ട് മറെറാരു പോലീസുകാരൻ വെടിവച്ചത് തലയ്ക്ക് കൊണ്ടെന്ന്. മുമ്പ് ഇതുപോലുള്ള സംഭവമുണ്ടായാൽ അതിനെപ്പറ്റി ഉടനടി അനേഷണത്തിനു ഉത്തരവിടുന്ന ഒരു പതിവുണ്ടായിരുന്നു. എന്നാൽ ഈ സംഭവത്തെക്കുറിച്ച് ഈ സഭയിൽ ഉന്നയിച്ചതിനു ശേഷവും മുഖ്യമന്ത്രി അതിന് തയ്യാറായില്ല. തന്റെ മാർഗ്ഗത്തിലൂടെയാണ് അനേഷിക്കുന്നത്, പോലീസുകാരെ കൊണ്ടുതന്നെ അനേഷിപ്പിച്ചാൽ എന്ത് ഉണ്ടാകാനാണ് പോകുന്നത് ? ഗുരുതരമായ രണ്ടു പ്രശ്നങ്ങളണ് ഇവിടെ നിഴലിച്ചു നിൽക്കുന്നത്. ഒന്നാമത് തൊഴിൽതർക്കങ്ങളിൽ പോലീസ് ഇടപെടുന്ന കാര്യം. ഏതു പോലീസുകാരനും ഈ രാജ്യത്തെ ആരെയും വെടി വയ്ക്കാനുള്ള ഒരു സ്ഥിതി, ഈ രണ്ടു പ്രശ്നവും വളരെ ഗൗരവതരമായി ചർച്ച ചെയ്യേണ്ട കാര്യമാണ്. അതിന് അനുവദിക്കാത്ത ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടി അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭ വിട്ടിറങ്ങിപോയി).

ശ്രീ. എ. സി. ഷൺമുഖദാസ് : ഇവിടെ മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം കേട്ടപ്പോൾ പോലീസ് ഒരു പുതിയ നയം സ്വീകരിച്ചെന്ന് തോന്നുന്നു. കേരളത്തിൽ നടക്കുന്ന തൊഴിൽ സമരങ്ങളോട് ഈ ഗവൺമെന്റ് കാണിക്കുന്ന 'സമീപനം, അടിച്ചമർത്തൽ സമീപനം വെടിവയ്പിലൂടെ ഒരു ഭീകരാവസ്ഥ സൃഷ്ടിക്കാൻ മനസ്സുർവ്വമായി' മുഖ്യമന്ത്രിയുടെ അറിവോടുകൂടി രാഷ്ട്രീയ ലക്ഷ്യം വച്ച് നടന്ന ഒന്നായിട്ടാണ് ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

കാണേണ്ടത്. കാരണം, പോലീസുകാർ നിയമപരമായ നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ടാണ് അവിടെ വെടിവയ്പ് നടത്തിയത്. മുഖ്യമന്ത്രി പറഞ്ഞു ആകാശത്തേക്കാണ് വെടിവച്ചതെന്ന്. ആകാശത്തേക്ക് വെടിവച്ചാൽ പൃഷ്ടഭാഗത്ത് കൊള്ളുമോ ? ആറു റൗണ്ട് സുകൂം വെടി വച്ചിരിക്കുന്നു. വെടിക്കോപ്പു ക്രമീകരിക്കാനും ഗൺ ഉപയോഗിക്കാനും ചില വ്യവസ്ഥകളില്ലേ ? അത് പരിശോധിക്കാനുള്ള സാമാന്യമായ മര്യാദ പോലും മുഖ്യമന്ത്രി കാണിച്ചില്ല. സർ, ഇത്തരത്തിലുള്ള വെടിവയ്പുകൂം ഈ നാട്ടിൽ എപ്പോഴും ഉണ്ടായാലും അതിനെ സംബന്ധിച്ചിടത്തോളം പരസ്യമായി അന്വേഷണം നടത്താറുണ്ട്. ഇവിടെ ഉദ്യോഗസ്ഥൻമാരുടേയും, രണ്ട് ഹെഡ് കോൺസ്റ്റബിൾമാരുടേയും നേതൃത്വത്തിലാണ് നടപടിയെടുത്തിരിക്കുന്നത്. പോലീസുകാരുടെ പരിക്ക് നിസ്സാരം. അവിടെ മറ്റ് രീതിയിലുള്ള യാതൊരു വിധമായ പ്രകോപനവുമുണ്ടായിട്ടില്ല. നിസ്സാരമായ പരിക്ക് മാത്രമേ ഉണ്ടായിട്ടുള്ളു. എന്നിട്ട് വെടിവയ്പ് വന്നെങ്കിൽ ഇത് മനപ്പൂർവ്വമാണ്, കരുതിക്കൂട്ടിയുണ്ടാക്കിയതാണ്, പ്രകോപനമുണ്ടാക്കാൻ വേണ്ടിയാണ്. ആ പോലീസ് ഉദ്യോഗസ്ഥൻമാരെ ഉടനെ തന്നെ സസ്പെൻറ് ചെയ്യുക—ഒരു പരസ്യമായ അന്വേഷണത്തിന് തയ്യാറാകുക. സർ, ഇത് ഇവിടെ ചർച്ച ചെയ്യപ്പെടാതെ പോയാൽ നാളെയും ഈ നാട്ടിൽ നിരവധി സമരങ്ങളുണ്ടാകും. ഇതൊന്നും കക്ഷിരാഷ്ട്രീയം വച്ചുകൊണ്ടുള്ള സമരങ്ങളല്ല. സമരങ്ങളോട് ഓരോ ദിവസം കഴിയുംതോറും പോലീസിന്റെ ഭാഗത്തുള്ള സമീപനത്തിന് കൂടുതൽ മുറുക്കൽ ഉണ്ടാകുന്നു. അത് തുടർച്ചയായി സംഭവിക്കും. ഭരണകക്ഷിയിലെ സുഹൃത്തുക്കളെ കൂടി ഉത്തേജിപ്പിക്കൊണ്ടാണ് ഞാൻ ഇത് പറയുന്നത്. സർ, പരസ്യമായി ഇതിനെപ്പറ്റിയുള്ള ചർച്ച നടക്കണം. ആ ചർച്ചയ്ക്ക് അദ്ദേഹം തയ്യാറാകേണ്ടതാണ്. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. ബേബിജോൺ : സർ, അടിയന്തിര പ്രമേയത്തിനുള്ള ചർച്ച അങ്ങ് സഭാ നേതാവിന്റെ അഭ്യർത്ഥനയെ ആദരിച്ചുകൊണ്ട് നിഷേധിച്ചു. ഞാൻ അതിലേക്ക് അല്ല കടന്നു വരുന്നത്. ആ ചർച്ചാവേളയിൽ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ച ചില പ്രശ്നങ്ങളിലേക്കാണ് ഞാൻ വിരൽ ചൂണ്ടുന്നത്. പൊൻകുന്നത്ത് വെടിവയ്പ് നടത്തി, ആളുകൂക്ക് പരിക്കേറ്റു. അതിനെക്കുറിച്ച് സംസ്ഥാന ഗവൺമെൻറിന്റെ പോലീസ് നയമെന്താണ്?. ഈ സംസ്ഥാനത്തിന്റെ തൊഴിൽ നയമെന്താണ്? ഏ തങ്കിലും കാരണവശാൽ വെടിവയ്പുണ്ടായാൽ അതിനെ സംബന്ധിച്ച് ഗവൺമെൻറിന്റെ നയമെന്താണ് എന്നുള്ളതിനെ സംബന്ധിച്ച് വളരെ വ്യക്തമായാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. അതായത് പോലീസുകാർ സ്വയംരക്ഷയ്ക്ക് വേണ്ടി വെടി വയ്ക്കണമെന്ന വാദമാണ് അദ്ദേഹം കൊണ്ടുവന്നത്. സ്വയരക്ഷയ്ക്ക് വേണ്ടി വെടി വയ്ക്കാനുള്ള സാഹചര്യം ഇവിടെ എങ്ങനെ ഉണ്ടായി. അത് ഒന്ന് അന്വേഷിക്കാനുള്ള ബാദ്ധ്യതയില്ലേ? സ്വയ രക്ഷയ്ക്കുവേണ്ടി വെടി വയ്ക്കാൻ അവകാശമുണ്ടെന്നു പറയുന്ന മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു സ്വയരക്ഷയ്ക്കുവേണ്ടി വെടിവയ്ക്കാനുള്ള സാഹചര്യം എങ്ങനെയുണ്ടായിയെന്ന്. അത് അന്വേഷിക്കേണ്ടേ? അത് ആര് അന്വേഷിക്കണം? നിങ്ങൾ ഉദ്യോഗസ്ഥൻമാരെ കൊണ്ടു അന്വേഷിപ്പിക്കാമെന്ന് പറഞ്ഞു. ഞാൻ പറഞ്ഞത് സ്വയരക്ഷയ്ക്ക് വേണ്ടിയാണ് വെടിവച്ചതെന്ന് വാദിക്കുന്ന പോലീസിനു [illegible]

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കാം, അതിനുള്ള നിർദ്ദേശവും. അങ്ങനെയുള്ള നയ രൂപവൽക്കരണവുമാണ് ഈ ഗവൺമെൻറ്, മുഖ്യമന്ത്രി നൽകിയിരിക്കുന്നത്. അതാണ് പ്രതിഷേധാർഹമായിട്ടുള്ളത്. ഈ ഗവൺമെൻറ് ഇപ്പോഴും സ്വീകരിച്ചിരിക്കുന്ന പോലീസ്നയം ആളുകളെ അടിച്ചമർത്തുക, വെടിവയ്ക്കുക എന്നിട്ട് ന്യായീകരിക്കുക. സർ, അദ്ദേഹം പറയുന്നത് മുകളിലോട്ടാണ് വെടി വച്ചതെന്നാണ്. പക്ഷേ പൃഷ്ടത്താണ് കൊണ്ടത്. വെടി കൊണ്ട ആൾ ഹെലികോപ്റ്ററിൽ പോയോ? മുകളിലോട്ട് വെടിവയ്ക്കുമ്പോൾ വെടികൊള്ളാൻ ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടാണെങ്കിലും പറയുമ്പോൾ അതിൻറെ നിജസ്ഥിതിയെക്കുറിച്ച് ഒന്ന് ആലോചിക്കേണ്ടേ? മുകളിലോട്ട് വെടിവച്ചാൽ പൃഷ്ടത്തും, തലയ്ക്കും കൊള്ളുന്നു. അങ്ങനെയാണെങ്കിൽ ഇനി പോലീസുകാർക്ക് പ്രത്യേകം പരിശീലനം കൊടുക്കേണ്ടേ? ഇത് മോശമല്ലേ? മുകളിലോട്ട് വെടി വച്ചാൽ ദേഹത്ത് കൊള്ളുന്ന ഒരേർപ്പാട്? തൊഴിൽ പ്രശ്നങ്ങൾ എവിടെയാണ് അക്രമാസക്തമായത്. അങ്ങ് പറഞ്ഞല്ലോ, അക്രമാസക്തമായാൽ ചിലപ്പോൾ പോലീസ് ഇടപെടുമെന്ന്. ഈ പ്രശ്നത്തിൽ എവിടെയാണ് അക്രമാസക്തമായതെന്ന് അങ്ങേക്ക് പറയാമോ? അങ്ങനെയാണെങ്കിൽ അത് അന്വേഷിക്കേണ്ടേ? അതിന് തയ്യാറാണോ? ഒന്നുകിൽ ചർച്ച ചെയ്യണം. അല്ലെങ്കിൽ അന്വേഷിക്കണം. അക്രമാസക്തമായതാണോയെന്ന് അന്വേഷിക്കണം. സ്വയരക്ഷയ്ക്ക് വേണ്ടിയാണോ അവിടെ വെടിവയ്പ് ഉണ്ടായതെന്ന് അന്വേഷിക്കണം. ഇത് ഒന്നും ചെയ്യാതെ ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്ന നയം അടിച്ചൊതുക്കുക മർദ്ദിച്ചൊതുക്കുക എന്നതാണ്. അധികാരത്തിൽ ഇരിക്കുമ്പോൾ എന്തും ചെയ്യാം എന്നുള്ള അഹങ്കാരമാണ് ചിലപ്പോൾ ചിലർക്കുള്ളത്. അതിൻറെ രോഗമാണ് ഇത്. മർദ്ദനത്തിൽക്കൂടി, അടിച്ചമർത്തലിൽക്കൂടി ജനങ്ങളെ ഒതുക്കിയിട്ട് മുൻപോട്ട് പോകാം എന്ന ധാരണ തന്നെയും മാറേണ്ടിയിരിക്കുന്നു. ആ കാലം വൈകിയിരിക്കുന്നു. അതുകൊണ്ടാണ് ഇതിൽ അന്തർലീനമായിരിക്കുന്ന ഗൗരവതരമായ പ്രശ്നങ്ങൾ ചർച്ചയിൽകൂടി പുറത്തുകൊണ്ടുവരാനുള്ള അവസരം നിഷേധിക്കുകയും അന്വേഷണത്തിനു പോലും തയ്യാറാകാതിരിക്കുകയും ചെയ്യുന്ന മുഖ്യമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എൻറെ പാർട്ടിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. ബേബിജോണും അദ്ദേഹത്തിൻറെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഈ ഗവൺമെൻറ് വെടി വയ്പുകളുടെ ഗവൺമെൻറായി മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട കരുണാകരൻ വെടി വയ്പുകാരൻ മുഖ്യമന്ത്രിയായി മാറിയിരിക്കുന്നു. അദ്ദേഹത്തിന് ഇപ്പോഴും നിയമം പോലും വേണ്ടെന്നുള്ള നിലയിൽ എത്തിയിരിക്കുകയാണ്. അദ്ദേഹം പറഞ്ഞില്ലേ അതേപ്പറ്റി ഞാൻ അന്വേഷിച്ച് വേണ്ടത് ചെയ്യാമെന്ന്, എല്ലാം ഞാനിൽ അവസാനിക്കുന്നു എന്നുള്ള നിലപാടിലാണ് ഇപ്പോൾ വന്നു കൂടിയിട്ടുള്ളത്. ഇപ്പോൾ പോലീസുകാർ ഇത്തരത്തിലുള്ള സന്ദർഭങ്ങളിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനെ കൂടെ കൊണ്ടുപോകുക എന്നുള്ള പതിവ് നിർത്തിയിരിക്കുകയാണ്. ആ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിൻറെ ഒപ്പെല്ലാം പിന്നീടാണ് ഇടുന്നത്. വടകരയുണ്ടായിട്ടുള്ള വെടിവയ്പിൽ യാതൊരു എക്സിക്യൂട്ടീവ് മജിസ്ട്രേട്ടും ഉത്തരവ് കൊടുത്തിട്ടില്ല. ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേറ്റും വടകരയിൽ ഉണ്ടായിരുന്നില്ല. പിറ്റേ ദിവസം അർദ്ധരാത്രി അദ്ദേഹം വടകരയിൽ വന്നപ്പോൾ പോലീസുകാർ ചെന്ന് നിർബന്ധിച്ചിട്ട് അദ്ദേഹത്തിൻറെ ആജ്ഞ പ്രകാരമാണ് വെടിവച്ചതെന്ന് കളവായിട്ട് അദ്ദേഹ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ കൈയിൽ നിന്നും എഴുതി വാങ്ങിച്ചു. മുഖ്യമന്ത്രി ഇപ്പോഴും പറഞ്ഞു ഇത് ആത്മ രക്ഷയ്ക്ക് വേണ്ടിയിട്ടായിരിക്കാമെന്ന്. പക്ഷെ അവിടെ റിക്കാർഡ് എഴുതി വച്ചിട്ടുണ്ടായിരിക്കും. ഏതെങ്കിലും ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിർദ്ദേശം ഉണ്ടെന്നനിലയിൽ. ഇതാണ് കാസർകോട് സംഭവിച്ചത്. നിയമത്തിന്റെ മുന്നിൽ യാഥാർത്ഥ്യങ്ങൾക്ക് യാതൊരു വിലയുമില്ല എന്നുള്ള നിലയിലാണ് ഇന്ന് പോലീസുകാർ കുത്തഴിഞ്ഞ് മുന്നോട്ടു പോകുന്നത്. അതിന് കൂട്ടു നിൽക്കുന്ന ഈ ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രീ. എം. വി. രാഘവൻ : സർ, വെടിവയ്പ്പിനെ മുഖ്യമന്ത്രി ന്യായീകരിച്ചത് വളരെ തെറ്റായിപ്പോയി. കാരണം ആത്മരക്ഷയ്ക്കുവേണ്ടി വെടിവയ്ക്കാം എന്നാണ് മുഖ്യമന്ത്രി പറയുന്നത്. ആത്മ രക്ഷയ്ക്കുവേണ്ടി ആർക്കും വെടി വയ്ക്കാം. അത് പോലീസുകാർക്കുമാത്രമല്ല. ആത്മരക്ഷ എന്നുള്ളതല്ല പോലീസിന്റെ ഉത്തരവാദിത്വം. എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെയോ അതുപോലുള്ള ഉദ്യോഗസ്ഥൻമാരുടെയോ കൽപ്പനയില്ലാതെ താന്തോന്നിത്തരമായി ഒരു കോൺസ്റ്റബിളാണ് വെടിവച്ചത്. അയാളെ സസ്പെൻഡ് ചെയ്ത് അതേപ്പറ്റി അന്വേഷണം നടത്തണം, അതാണ് മുഖ്യമന്ത്രി ചെയ്യേണ്ടത്. എങ്കിലേ ഈ പോലീസുകാരെ നിലയ്ക്കു നിറുത്താൻ കഴിയൂ. അത് ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങി പോകുന്നു.

(ശ്രീ. എം. വി. രാഘവനും പാർട്ടിയും സഭ വിട്ടിറങ്ങിപ്പോയി.)

## IV ശ്രദ്ധ ക്ഷണിക്കൽ

(1) കൊച്ചി-മധുര ഹൈവേയും കൊച്ചി-മധുര റെയിൽവേ ലൈനും

ശ്രീ. വി. വി. ജോസഫ് : സർ, കേരളത്തിന്റെ സത്വരമായ പുരോഗതിക്കുതകുന്ന രണ്ട് പദ്ധതികളും, കൊച്ചി-മധുര ഹൈവേയും കൊച്ചി-മധുര റെയിൽവേലൈനും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപ്പിൽ വരുത്തണമെന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. വ്യക്തമായ പദ്ധതികളും ആരംഭിച്ച കേന്ദ്രത്തിന്റെ മുൻപാകെ സമർപ്പിച്ചാൽ ആ പദ്ധതികൾക്ക് അനുവാദം നൽകാൻ തയ്യാറാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആ നിലയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്കാവശ്യമായ പദ്ധതികളും എത്രയും വേഗം കേന്ദ്രത്തിൽ സമർപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നാഷണൽ ഹൈവേ തീരദേശത്തുകൂടിയാണ് കടന്നു പോകുന്നത്. എന്നാൽ ഈ പദ്ധതി തമിഴ്നാടിനുകൂടി താൽപ്പര്യമുള്ള ഒരു പദ്ധതിയാണ്. തമിഴ് നാട്ടിലുണ്ടാകുന്ന കാർഷികോൽപ്പന്നങ്ങൾക്ക് പുറമേ നമ്മുടെ സംസ്ഥാനത്തെ മലയോര പ്രദേശങ്ങളായ ഇടുക്കി തുടങ്ങിയ പ്രദേശങ്ങളിലുണ്ടാകുന്ന റബ്ബർ, ഏലം, തേയില, പുകയില, കുരുമുളക്, ചുക്ക്, തുടങ്ങിയ കാർഷികോൽപ്പന്നങ്ങളും ലോറി മാർഗ്ഗം തുറമുഖത്ത് എത്തിക്കുവാൻ കഴിയും. കൂടാതെ കൂടുതൽ ഗതാഗത കുരുക്കുകളും ഉള്ള പ്രദേശങ്ങളിൽ ഗതാഗത കുരുക്ക് ഒഴിവാക്കാനും ഗതാഗതം കാര്യക്ഷമമാക്കാനും സാധിക്കും. കൊച്ചി മധുര ഹൈവേയ്ക്ക് ഒരു കോടി രൂപ കേന്ദ്രം



LIBRARY ARCHIVES Kerala Legislative Assembly